ശ്രീ. ഒ. ഭരതൻ: തൊഴിലവസരങ്ങൾ കുറയുന്നുണ്ടെന്ന് മന്ത്രി പറയുന്നത്.

വിദ്യുച്ഛക്തിയും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ): കഴിഞ്ഞകൊല്ലം നമ്മൾ 223 ലക്ഷം പ്രവൃത്തി ദിനങ്ങളാണ് നേടിയത്. ഈ കൊല്ലം നമ്മൾ ജവഹർ റോസ്ഗാർ യോജന പ്രകാരം പ്രതീക്ഷിക്കുന്നത് 220 ലക്ഷം തൊഴിൽദിനങ്ങളാണ്. അപ്പോൾ മൂന്നു ലക്ഷത്തിന്റെ കുറവുണ്ടെന്ന് പറയാം.

ശ്രീ. ആര്യാടൻ മുഹമ്മദ്: അഞ്ചിൽപ്പരം കോടി രൂപ വർദ്ധിക്കുമെന്നുള്ള കാര്യം മനസ്സിലാക്കണം.

ശ്രീ. രമേശ് ചെന്നിത്തല: സർ, കേന്ദ്ര ഗവൺമെന്റിനോട് കൂടുതൽ കിട്ടണമെന്ന് ആവശ്യപ്പെടുന്നതിൽ തെററൊന്നുമില്ല. ഈയൊരു വാചകത്തിൽ മാററം വരുത്തിയാൽ മതി. കുറയുന്നുവെന്നുള്ള ഭാഗം മാററിയാൽ മതി.

ശ്രീ. ടി. ശിവദാസമേനോൻ: മൂന്നുലക്ഷം കുറയുന്നു. അതു പ്രമേയത്തിലായിക്കോട്ടെ. ആ പ്രമേയം പാസ്സായതു കൊണ്ട് വലിയ അപകടമൊന്നുമില്ല.

ശ്രീ. ഇ. അഹമ്മദ്: സർ, ഇത് ജവഹർ റോസ്ഗാർ യോജന പദ്ധതിയാണ്. നെഹ്റു അല്ല. അതു തെററാണ്. ഗവൺമെന്റ് ഓഫ് ഇൻഡ്യ അപ്രൂവ് ചെയ്തത് ജവഹർ റോസ്ഗാർ യോജന എന്നാണ്.

ശ്രീ. ഒ. ഭരതൻ: സർ, അത് ജവഹർ എന്നാക്കാം. Mr. Speaker: That amendment is accepted. Now the substantive motion is put to vote.

''ജവഹർ റോസ്ഗാർ യോജന എന്ന പേരിൽ പ്രഖ്യാപിക്കപ്പെട്ടിരിക്കുന്ന തൊഴിൽദാന പദ്ധതി നടപ്പാക്കുന്നതുമൂലം സംസ്ഥാനത്ത് തൊഴിലവസരങ്ങൾ കുറയുന്ന സ്ഥിതി വിശേഷം പരിഗണിച്ച് ഈ സംസ്ഥാനത്തെ വിഹിതം ഗണ്യമായ തോതിൽ വർദ്ധിപ്പിക്കണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.''

The resolution is adopted unanimously.

## X. സ്പീക്കറുടെ റൂളിംഗ്

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച പോയിന്റ് ഓഫ് ഓർഡർ സംബന്ധിച്ച് ഞാൻ രണ്ടാളുകളുടെയും, മുഖ്യമന്ത്രിയുടെയും ശ്രീ. സത്യൻ മൊകേരിയുടെയും ഇവിടെ കൊടുത്ത സ്റേറററുമെന്റിന്റെ പകർപ്പ് എടുത്തിട്ടുണ്ട്. ശ്രീ. സത്യൻ മൊകേരിയുടെ സ്റേറററുമെന്റ് എടുത്തു. If necessary, I shall read the entire portion. വേണമെന്ന് തോന്നുന്നില്ല. കാരണം അതു മുഴുവൻ പരിശോധിച്ച് ബാബറി മസ്ജീദ് പ്രശ്നത്തെ സംബന്ധിച്ച് പ്രത്യക്ഷമായോ പരോക്ഷമായോ അതിന്റെ കേസ്സിന്റെ തീരുമാനത്തെ ബാധിക്കുന്ന യാതൊരു പരാമർശവും ഈ സ്റേററുമെന്റിൽ ഇല്ല. മാത്രമല്ല ഇതിലേക്ക് ഞാൻ വേറൊരു കാര്യം കൂടെ പറയാം. 8-ാം തീയതിയിലെ ഹിന്ദു പത്രത്തിൽ ഈ കാര്യത്തെ സംബന്ധിച്ച് പറഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

The debate in the Rajya Sabha had been sparked off by the VHP general secretary Mr. Ashok Singhal's reported statement that his organisation would not accept a judicial verdict unfavourable to Hindus. ആ കാര്യം ബൂട്ടാസിംഗ് തന്നെ ലോകസഭയിൽ പറഞ്ഞ് ഈ പ്രശ്നം അവിടെ ചർച്ച ചെയ്തു. ഇനി മുഖ്യമന്ത്രിയുടെ പ്രസ്താവന..............................

ശ്രീ. കെ. കരുണാകരൻ: അതിനുശേഷമാണ് ഫയൽ ചെയ്തിരിക്കുന്നത്. അതിനുശേഷം മാത്രമാണ് പോസ്റ്റിംഗ് വന്നത്.

മി. സ്പീക്കർ: ഇതിലിപ്പോൾ അങ്ങനെ ഇല്ല. ഇതിൽ ശ്രീ. സത്യൻ മൊകേരി നളരെ നല്ല ഒരു കാര്യം നാട്ടുകാരോട് അഭ്യർത്ഥിക്കുകയാണ് ചെയ്തത്. ''വർഗ്ഗീയ സംഘട്ടനങ്ങൾ ഒഴിവാക്കുക, പള്ളി, അമ്പലം ഉൾപ്പെടുന്ന തർക്കസ്ഥലം ദേശീയ സ്മാരകമാക്കുക, അലഹബാദ് ഹൈക്കോടതി കൈക്കൊള്ളുന്ന തീർപ്പ് രണ്ടു വിഭാഗവും അംഗീകരിക്കുക, രണ്ട് വിഭാഗത്തിലുമുള്ള ജനങ്ങൾക്കും അംഗീകരിക്കാൻ കഴിയുന്ന ഒത്തുതീർപ്പ് കൂടിയാലോചനയിലൂടെ നടപ്പാക്കുക, ഇതൊക്കെയാണ് അതിനകത്ത് പറഞ്ഞിരിക്കുന്നത്.

ഇനി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസ്താവനയിൽ ഒരു കാര്യം സ്പീക്കറുടെ അനുവാദത്തോടുകൂടി റെയിസ് ചെയ്തു ''ഇന്ന് മാനവ മൈത്രി സന്ധ്യയും നവംബറിൽ അയോദ്ധ്യയിൽ സ്നേഹമതിലും ഒരുക്കുകയാണ്. ഇൻഡ്യയിലെ വർഗ്ഗീയ ശക്തികളുമായി കൂട്ടുകൂടിയവരാണ് ഇൻഡ്യയിൽ മാനവമൈത്രി തകർക്കാൻ ശ്രമിക്കുന്നവർ; ഇൻഡ്യയിൽ യോജിപ്പിനെ പൊളിക്കാൻ ശ്രമിക്കുന്നവർ, അതാണ് അപ്പുറത്തെ പ്രതിപക്ഷ നേതാക്കൻമാർ''. അത് മുഖ്യമന്ത്രിക്ക് പയറാം. അത് ബാബറി മസ്ജിദിൽപ്പെടുന്നതല്ല. ''ഈ രാജ്യത്ത് ദേശീയ ഉദ്ഗ്രഥനത്തെയും ദേശീയ ഐക്യത്തെയും തകർക്കാൻ വർഗ്ഗീയ ശക്തികളുമായി.............................. ''അതൊക്കെ പൊളിററിക്കലാണ്. പിന്നെ അദ്ദേഹം ടെററിസ്ററുകളെക്കുറിച്ചും പറഞ്ഞിരിക്കുന്നു. ഇതിൽ റൂൾ 484 സബ് ക്ലാസ്സ് (1)—നെ വയലേററ് ചെയ്യുന്ന യാതൊരു പരാമർശവുമില്ലെന്ന് ഇതു മുഴുവൻ പരിശോധിച്ചതിൻെറ അടിസ്ഥാനത്തിൽ ഞാൻ റൂൾ ചെയ്യുന്നു.

വേറൊരു കാര്യം, ഹൈക്കോടതിയിൽ നിലവിലുള്ള ഒരു കേസ്സിൽ സത്യവാങ്മൂലം ബോധിപ്പിച്ചത് സംബന്ധിച്ച് വിശദീകരണം നൽകുന്നതിനായി അഡ്വക്കേററ് ജനറലിനെ സഭ മുൻപാകെ വിളിച്ച് വരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട വയലാർ രവിയും ബഹുമാനപ്പെട്ട ഇ. അഹമ്മദും എനിക്ക് നോട്ടീസ് നൽകുകയുണ്ടായി. പ്രസ്തുത നോട്ടീസിൽ ഹൈക്കോടതിയിൽ ഹാജരാക്കിയ സത്യവാങ്മൂലത്തിൽ ക്രിസ്ത്യാനികളും മുസ്ലീങ്ങളും ന്യൂനപക്ഷങ്ങളല്ലെന്ന് വാദിച്ചിരിക്കുന്നതായി പറഞ്ഞിട്ടുണ്ട്. ചെയർ ഈ കാര്യം അഡ്വക്കേററ് ജനറലിൻെറ ശ്രദ്ധയിൽപ്പെടുത്തുകയും അദ്ദേഹം താഴെച്ചേർക്കുന്ന വിവരങ്ങൾ എന്നെ അറിയിക്കുകയുമുണ്ടായി: ''കേരളാ ഹൈക്കോടതിയിൽ ഒ. പി. 2958/89 ആയി ഒരു റിട്ട് ഹർജി തൃശ്ശൂർ കൂർക്കൻഞ്ചേരി ജെ. പി. ബേസിക് ട്രെയിനിംഗ് സ്കൂൾ മാനേജർ ഫയൽ ആക്കുകയുണ്ടായി. പ്രസ്തുത കേസിൽ ഒരു പ്രധാന തർക്കം ടി. ടി. സി.ക്കുള്ള പ്രവേശനം മെരിററടിസ്ഥാനത്തിലും മാനേജ്മെൻറ് ക്വാട്ടായിലും നൽകണമെന്ന ഗവൺമെൻറിൻെറ നിർദ്ദേശം ന്യൂനപക്ഷസമുദായങ്ങൾക്ക് ബാധകമല്ലെന്ന വാദമാണ് ഉന്നയിച്ചിരിക്കുന്നത്. കോടതിയിൽ വരുന്ന റിട്ട് ഹർജികളിൽ പത്രിക അല്ലെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

കൗണ്ടർ നൽകുന്ന അവസരത്തിൽ മറുഭാഗത്തെ വാദഗതികളെ പൊതുവായി നിഷേധിക്കുകയാണ് പതിവ്. അങ്ങനെ നിഷേധിക്കുന്ന കൂട്ടത്തിൽ മുസ്ലീം കമ്മ്യൂണിററിയും ക്രിസ്ത്യൻ കമ്മ്യൂണിററിയും മൈനോറിററി കമ്മ്യൂണിററിയല്ലെന്ന് ചേർത്തിട്ടുള്ളതാണ്. എന്നാൽ ഒരു കേസ്സിൽ അവസാനത്തെ ഹിയറിംഗ് സമയത്താണ് ബന്ധപ്പെട്ട കക്ഷികളുടെ അവസാനത്തെ വാദഗതിയുന്നയിക്കുന്നത്. ഈ കേസ്സിൽ അവസാന ഹിയറിംഗ് സമയത്ത് അഡ്വക്കേററ് ജനറൽ നേരിട്ട് ഹാജരാവുകയും മുസ്ലീം സമുദായവും ക്രിസ്ത്യൻ സമുദായവും ഭരണഘടനാപരമായി ന്യൂനപക്ഷങ്ങളാണെന്നുള്ള വാദം അംഗീകരിക്കുകയും ചെയ്തുകൊണ്ടാണ് കേസ്സിലെ വാദം ആരംഭിച്ചിട്ടുള്ളത്.

ഗവൺമെൻറിന്റെ നയത്തിന് വിരുദ്ധമായി ഒന്നും തന്നെ കോടതിയിൽ വാദിക്കുകയുണ്ടായില്ല. എന്നാൽ 100 ശതമാനം ഗവൺമെൻറ് ചെലവിൽ നടക്കുന്ന സ്വകാര്യ വിദ്യാലയങ്ങളിൽ പ്രവേശനം 100 ശതമാനവും ന്യൂനപക്ഷങ്ങൾക്ക് കൊടുത്താലും അങ്ങനെ കൊടുക്കുന്നതിനുള്ള സ്വാതന്ത്ര്യം അംഗീകരിച്ചുകൊണ്ടുതന്നെ, അതേസമയം പ്രസ്തുത കാര്യത്തിൽ 80 ശതമാനം മെറിററും 20 ശതമാനം മാനേജ്മെൻറ് ക്വാട്ടായിൽ നിന്നും എടുക്കണമെന്നുള്ളതാണ് വാദഗതി. ഇതൊന്നുമില്ലാതെ എടുക്കണമെന്നാണ് മറുഭാഗത്തെ വാദഗതി. അതിന് കാശ് വാങ്ങിച്ച് ഇഷ്ടം പോലെ ആളെ നിയമിക്കാം............................(ബഹളം)............................ഈ ഗവൺമെൻറ് നടത്തുന്ന കോളേജുകളിൽ 80 ശതമാനവും 20 ശതമാനവും ന്യൂനപക്ഷങ്ങൾക്ക് ബാധകമല്ല, ഇഷ്ടം പോലെ ഒരു യോഗ്യതയുമില്ലാത്തവരെയും തെരഞ്ഞെടുത്താൽ........................(ബഹളം)........................100 ശതമാനവും അംഗീകരിച്ചിട്ടുള്ളത്, മെറിററുകൂടി കണക്കിലെടുക്കണമെന്നാണ് പ്രധാനപ്പെട്ട വാദഗതി. വാദം കേട്ട് കോടതി ജഡ്ജ്മെൻറ് റിസർവു ചെയ്തിരിക്കുകയാണ്. ഇക്കാര്യത്തിൽ ഗവൺമെൻറിന്റെ നയപരമായ പ്രഖ്യാപനങ്ങൾക്ക് വിരുദ്ധമായിട്ടുള്ള ഒരു നിലപാടും താൻ സ്വീകരിച്ചിട്ടില്ല എന്നും അദ്ദേഹം അറിയിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ അഡ്വക്കേററ് ജനറലിനെ സഭ മുൻപാകെ വരുത്തേണ്ടതില്ലെന്നു ചെയർ തീരുമാനിക്കുന്നു...........................(ബഹളം).................................

ശ്രീ. ഇ. അഹമ്മദ്: സർ, പോയിൻറ് ഓഫ് ഓർഡർ.

മി. സ്പീക്കർ: അതിനെപ്പററി യാതൊരു ചർച്ചയും അനുവദിക്കുന്നതല്ല.

## XI. 130–ാം ചട്ടപ്രകാരമുള്ള ചർച്ച

### ജസ്ററിസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട്

ശ്രീ. വയലാർ രവി: സർ, 101–ാം ചട്ടപ്രകാരം ജസ്ററിസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് ഈ സഭ ചർച്ചചെയ്യണമെന്ന. ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**Mr. Speaker:** At the outset as the Speaker I will request all the Hon. Members to refrain from making personal aspersions on the Judges concerned. വ്യക്തിപരമായ യാതൊരു പരാമർശവും ഇതിൽ പാടില്ല. എന്നാൽ